പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

17.12. 2014 ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4499

## ഐ. ടി മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ഐ. ടി മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് ഐ. ടി മേഖലയിലെ ചില സ്ഥാപനങ്ങളിൽ തൊഴിൽ നിയമ ലംഘനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉൽസവ അവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളിഡേയും വേതനവും നിഷേധിക്കുക മുതലായ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും, നിയമ ലംഘനം നടത്തിയ സ്ഥാപന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

(signature)

സെക്ഷൻ ആഫീസർ.